(ഇ) ഇത്തരത്തിൽ കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന/കൊല ചെയ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പോലീസ് ഡ്രൈവർ മണിയൻപിള്ള മരണപ്പെട്ടിട്ട് രണ്ട് വർഷമായി. ഇതു സംബന്ധിച്ച കേസിലെ പ്രതികൾ 1. ആന്റണി @ ആട് ആന്റണി, 2. സൂസി, 3.ശ്രീകല, 4.ഗിരിജ എന്നിവരാണ്. ഒന്നാംപ്രതി ആന്റണിയൊഴികെ ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആന്റണിയെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. ഇക്കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വിപുലമായ അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്.

(സി) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(ഡി) കൊല ചെയ്യപ്പെട്ട മണിയൻപിള്ള എന്ന പോലീസ് ഡ്രൈവറുടെ മക്കളുടെ വിദ്യാഭ്യാസ ചെലവുകൾക്കായുള്ള സാമ്പത്തിക സഹായത്തിനായി അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ നൽകിയ അപേക്ഷ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന തരത്തിലുള്ള സാമ്പത്തികസഹായങ്ങൾ നൽകിയിരിക്കുന്ന സാഹചര്യത്തിൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിച്ചിട്ടുണ്ട്.

(ഇ) കൃത്യനിർവ്വഹണത്തിനിടയിൽ മരണപ്പെടുന്ന/കൊല ചെയ്യപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി മരണപ്പെട്ടയാൾ സേവനത്തിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളവും അലവൻസുകളും അദ്ദേഹം സർവ്വീസിൽ നിന്നും വിരമിക്കുമായിരുന്ന കാലംവരെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എക്സ്ഗ്രേഷ്യയായി തുകയും അനുവദിക്കാറുണ്ട്. ഇതിനുപുറമേ ആശ്രിതരായ ഒരാൾക്ക് ജോലി നൽകുവാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിലെ ആഡിറ്റ്

209 (6359) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനുകളിൽ 2011-12, 2012-13, 2013-14 എന്നീ കാലയളവിലെ വിറ്റുവരവ് എത്രവീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്യാന്റീനുകളിലെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണ് ;

(സി) പ്രസ്തുത ക്യാന്റീനുകളിലെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ഏതെങ്കിലും ഗവൺമെന്റ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആഡിറ്റിന് ഗവൺമെന്റ് ഏജൻസികളെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രീ. അനിൽ പരമേശ്വരൻ എന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നത്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി

210 (6360) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി പരിമിതപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എത്ര വർഷത്തേക്കാണ് പരിമിതപ്പെടുത്തിയിട്ടുള്ളത് ;

(സി) സേവനകാലാവധി പൂർത്തിയാക്കിയവരെ സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീൻ സേവനത്തിൽനിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) സബ്സിഡിയറി സെൻട്രൽ പോലീസ് ക്യാന്റീനിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന കാലാവധി പരിമിതപ്പെടുത്തിയിട്ടില്ല. എന്നാൽ 2-6-2014-ൽ പോലീസ് ആസ്ഥാനത്ത് നടന്ന വെൽഫെയർ ബ്യൂറോ മീറ്റിംഗിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ സബ്-ഇൻസ്പെക്ടർ/അതിന് മുകളിലെ റാങ്കുകളിലുള്ള (ക്യാന്റീൻ മാനേജർ ഉൾപ്പെടെ) ഉദ്യോഗസ്ഥരുടെ കാലാവധി രണ്ട് വർഷമായി നിജപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

1962-ലെ കേരളാ ഫയർഫോഴ്സ് ആക്ട് ഭേദഗതി

211 (6361) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1962-ലെ കേരളാ ഫയർ ഫോഴ്സ് ആക്ട് എത്രതവണ ഭേദഗതി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1962-ലെ നിയമത്തിന് കാലാനുസൃതമായ മാറ്റം വരുത്തണമെന്ന കാര്യം പരിഗണനയിലുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly